പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1393 02.05.2017-ലെ മറുപടിക്ക്

## വായ്പയെടുക്കുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് ഉപദേശക സ്ഥാപനം

ചോദ്യം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാങ്ക് കൺസോർഷ്യത്തിൽ നിന്ന് വായ്പയെടുക്കാൻ കെ.എസ്.ആർ.ടി.സി. ഉപദേശക സ്ഥാപനത്തെ നിയമിച്ചിട്ടുണ്ടോ; ഏത് സ്ഥാപനത്തെയാണ് നിയമിച്ചതെന്നും തെരഞ്ഞെടുത്ത മാനദണ്ഡമെന്തെന്നും വ്യക്തമാക്കുമോ; | (എ) | നിയമിച്ചിട്ടുണ്ട്. M/s SBI Capital Markets Ltd. (SBICAPS) എന്ന സ്ഥാപനത്തെയാണ് ഉപദേശക സ്ഥാപനമായി നിയമിച്ചത്. കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെയും സർക്കാരിന്റെയും അംഗീകാരത്തോടെയാണ് പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തത്. |
| (ബി) | അതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അത് ഇ-ടെണ്ടറിംഗ് ആയിരുന്നോ; എത്ര ക്വട്ടേഷൻ ടെണ്ടറിംഗിലൂടെ ലഭിച്ചു; എന്ത് തുകയ്ക്കാണ് ഇതിന്റെ നിയമനം നടന്നത്; സ്ഥാപനത്തിനുള്ള പ്രതിഫലത്തിനു പുറമേ ഭക്ഷണം, താമസം തുടങ്ങിയവയ്ക്ക് എത്ര തുക കെ.എസ്.ആർ.ടി.സി. ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ടെണ്ടർ ക്ഷണിച്ചിട്ടില്ലായിരുന്നു. കൺസോർഷ്യം ബാങ്കുകളിൽ നിന്നും ആകെ ലഭ്യമാകുന്ന വായ്പാ തുകയുടെ 0.135 ശതമാനമാണ് ഫീസിനത്തിൽ M/s SBICAPS ന് നൽകേണ്ടത്. ഫീസിനത്തിൽ 1,99,98,450/- രൂപ സർവ്വീസ് ടാക്സ് ഉൾപ്പെടെ നൽകിയിട്ടുണ്ട്. ഫീസിനു പുറമേ ഭക്ഷണയിനത്തിൽ 39897/- രൂപയും, താമസയിനത്തിൽ 8,045/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | വായ്പ ലഭിക്കുന്നതിന് മുമ്പാണോ ലഭിച്ച ശേഷമാണോ ഉപദേശക സ്ഥാപനത്തിന് തുക കൈമാറിയത്; വിശദവിവരം ലഭ്യമാക്കുമോ; | (സി) | ഉപദേശക സ്ഥാപനത്തിന് ഫീസിനത്തിലുള്ള തുക ഘട്ടം ഘട്ടമായാണ് നൽകിയത്. പ്രാരംഭ ഫീസിനത്തിൽ (Inception fee) 5 ലക്ഷം രൂപയും ടാക്സും നൽകുകയുണ്ടായി. Final information memorandum പൂർത്തിയാക്കിയപ്പോൾ 40 ലക്ഷം രൂപയും |

| | | | |
|---|---|---|---|
| | | | ടാക്സും First milestone ഫീസിനത്തിൽ നൽകുകയുണ്ടായി. ബാങ്കുകളിൽ നിന്നും വായ്പ അനുവദിക്കുന്നതായി സൂചിപ്പിച്ചു കൊണ്ടുള്ള അനുമതി കത്ത് ലഭ്യമായപ്പോൾ വായ്പാ തുകയുടെ 0.08 ശതമാനം തുകയായ 1.04 കോടി രൂപയും ടാക്സും നൽകുകയുണ്ടായി. 1300 കോടി രൂപയുടെ Common loan agreement ഒപ്പിട്ടപ്പോൾ ശേഷിക്കുന്ന തുകയായ 26.50 ലക്ഷം രൂപയും ടാക്സും നൽകുകയുണ്ടായി. |
| (ഡി) | ഉപദേശക സ്ഥാപനത്തെ നിയമിക്കുന്നതിന് മുമ്പായി ടി വിഷയത്തിൽ സാധ്യതാപഠനം നടത്തിയിരുന്നോ; അതിന്റെ വിശദവിവരം നൽകുമോ; സാധ്യതാപഠനം ഒഴിവാക്കിയെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | സാധ്യതാപഠനം നടത്തിയിരുന്നില്ല. M/s SBI Capital Markets Ltd. (SBICAPS) എന്ന സ്ഥാപനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു സഹോദരസ്ഥാപനമായതു കൊണ്ടാണ് സാധ്യതാപഠനം ഒഴിവാക്കിയത്. |
| (ഇ) | കെ.എസ്.ആർ.ടി.സി. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തപ്പോൾ ഉപദേശക സ്ഥാപനത്തെ നിയമിച്ചിട്ടുണ്ടായിരുന്നോ എന്നും എത്ര കോടി അതിനായി ചെലവാക്കിയെന്നും വിശദമാക്കുമോ; | (ഇ) | കൺസോർഷ്യം ബാങ്കുകളിൽ നിന്നും 1300 കോടി രൂപ വായ്പയായി ലഭ്യമാക്കുന്നതിനാ മാത്രമാണ് കെ. എസ്. ആർ. ടി. സി. ഉപദേശകസ്ഥാപനത്തെ തെരഞ്ഞെടുത്തത്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തപ്പോൾ ഉപദേശക സ്ഥാപനത്തെ നിയമിച്ചിട്ടില്ല. |
| (എഫ്) | ഈ വകയിൽ കോടിക്കണക്കിന് രൂപ തട്ടിയെടുക്കപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (എഫ്) | കൺസോർഷ്യം ബാങ്കുകളിൽ നിന്നും 1300 കോടി രൂപ വായ്പയായി ലഭ്യമാക്കിയതു വഴി പ്രതിമാസ തിരിച്ചടവിനത്തിൽ 35 കോടിയോളം രൂപ ലാഭമുണ്ടാക്കാൻ കെ. എസ്. ആർ. ടി. സി. ക്കു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**